"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ (സി.ആർ .സെൽ) വകുപ്പ്-സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ (SCORE) മുഖേന സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (സി.ആർ സെൽ) വകുപ്പ്**

സ.ഉ.(സാധാ)നം.3113/2021/പൊ.ഭ.വ തീയതി, തിരുവനന്തപുരം, 18.08.2021.

പരാമർശം:- 1 22.08.1966-ലെ സ.ഉ(പി) നമ്പർ 344/66/പി.ഡി.

2 ജെ.ഡി.ഐ.എസ്/14/2021-ധന. നമ്പർ കറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ സെക്രട്ടേറിയറ്റ്, ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ്, എൽ.എസ് ജി.ഡി. എൻജിനീയറിംഗ് വിങ് (എൽ.ഐ.ഡി ആന്റ് ഇ.ഡബ്ല്യു), മോട്ടോർ വെഹിക്കിൾസ്, പോലീസ് എന്നീ വകുപ്പുകൾ ഒഴികെ മറ്റു വകുപ്പുകൾ എല്ലാം തന്നെ മാന്വലായിട്ടാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചു വരുന്നത്. വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവനകാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരും സെപ്റ്റംബർ 1 മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ധനകാര്യ (ഐ.ടി സോഫ്റ്റ് വെയർ) വകുപ്പ് വികസിപ്പിച്ചെടുത്ത SCORE എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേന (www.score.kerala.gov.in) സമർപ്പിക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും

സെക്രട്ടേറിയറ്റിലെ പൊതുഭരണം/ നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും (തങ്ങളുടെ കീഴിൽ വരുന്ന വകുപ്പുകളുടെ നിയമനാധികാരികളെ /മേധാവികളെ അറിയിക്കുന്നതിനായി)

എല്ലാ വകുപ്പ് മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം /തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം. (ആമുഖ കത്ത് സഹിതം)

ഫിനാൻസ് (ഐ.ടി.എസ്.എഫ്) വകുപ്പ്.

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ ചേർക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

<u>പകർപ്പ്</u>

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.ന്

എല്ലാ വകുപ്പ് മന്ത്രിമാരുടെയും പി. എസ്. ന്

ബഹു. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**File No.DT/2799/2021-A6**

<u>**മേലെഴുത്ത് നമ്പർ ഡി.റ്റി/2799/2021-A6 തീയതി : 26/09/2021**</u>

സ.ഉ (സാ.ധാ) നം.3113/2021/പൊ.ഭ.വ തീയതി :18.08.2021 പ്രകാരം സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സെപ്റ്റംബർ 1 മുതൽ ധനകാര്യ വകുപ്പ് വികസിപ്പിചെടുത്ത <u>**SCORE**</u> എന്ന സോഫ്റ്റ്‌വെയർ മുഖാന്തിരം സമർപ്പിക്കണം എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ട ഉദ്യോഗസ്ഥർ പ്രസ്തുത തീയതി മുതൽ മേൽ പറഞ്ഞ സർക്കാർ ഉത്തരവ് നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Reji.s

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

പകപ്പ് :- വകുപ്പ് വെബ്സൈറ്റ്